(ബി) 1. കുളമ്പുരോഗ നിർമ്മാർജ്ജനത്തിനാവശ്യമായ വാക്സിനേഷൻ നൽകുന്നു.

2. വാക്സിനേഷനോടനുബന്ധിച്ച് എന്തെങ്കിലും അത്യാഹിതം സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നു.

3. കുത്തിവെയ്പ്പ് എടുത്ത മൃഗങ്ങൾക്ക് രോഗബാധ ഉണ്ടാകുകയാണെങ്കിൽ അവയെ സൗജന്യമായി ചികിത്സിക്കുന്നു. മരണം സംഭവിക്കുകയാണെങ്കിൽ പ്രകൃതിക്ഷോഭത്തിന് നൽകുന്ന നിരക്കനുസരിച്ചുള്ള നഷ്ടപരിഹാരം നൽകുന്നു.

4. രക്ത സാമ്പിളുകളിൽ രോഗപ്രതിരോധ ശക്തി പരിശോധിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(സി) 2014-15 വർഷത്തെ കേന്ദ്രസർക്കാർ വിഹിതം 164 ലക്ഷം രൂപ. സംസ്ഥാന വിഹിതം 200 ലക്ഷം രൂപ.

(ഡി) ഗോരക്ഷാ പദ്ധതി 2004-ൽ ആരംഭിച്ചു. ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു.

ഖരമാലിന്യ സംസ്കരണ സംവിധാനം

4 (*124) ശ്രീ. പി. സി. ജോർജ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ കീഴിൽ നിലവിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനം ഫലപ്രദമായി നടക്കുന്നുണ്ടോ ; പ്രതിദിനം ഉല്പാദിപ്പിക്കുന്ന മാലിന്യങ്ങളുടെ തോതനുസരിച്ച് നിലവിലുള്ള ഖരമാലിന്യ സംസ്കരണ സംവിധാനം പര്യാപ്തമാണോ ;

(ബി) ത്രിതല പഞ്ചായത്തുകളുടെ പരിധിയിൽ പ്രതിദിനം ഉല്പാദിപ്പിക്കപ്പെടുന്ന ഖരമാലിന്യങ്ങളുടെ അളവ് സംബന്ധിച്ച് ഏകദേശ ധാരണയുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പഞ്ചായത്തുകളിൽ ഉറവിടങ്ങളിൽനിന്ന് ഖരമാലിന്യം വേർതിരിച്ച് ശേഖരിക്കുന്നതിനും ഫലപ്രദമായ മാലിന്യ സംസ്കരണം ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) സംസ്ഥാനത്ത് പഞ്ചായത്തുകളിൽ ഖരമാലിന്യസംസ്കരണ സംവിധാനം ഫലപ്രദമായി നടപ്പിലാക്കി വരുന്നു. പൊതുഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലുള്ള സ്ഥലങ്ങളിൽ അവ ശരിയായ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടിയെടുക്കേണ്ട ചുമതല അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. എന്നാൽ തദ്ദേശവാസികളിൽനിന്നും ചില സ്ഥലങ്ങളിൽ വ്യാപകമായ പരാതിയും പ്രതിഷേധവും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം പരിഗണിച്ച് മാലിന്യം ഉറവിടത്തിൽതന്നെ തരംതിരിക്കാനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനുമുള്ള പ്രേരണയും പ്രോത്സാഹനവുമാണ് ഇപ്പോൾ നൽകുന്നത്. അതുവഴി പൊതു മാലിന്യ സംസ്കരണത്തിൽ എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കാനും അജൈവ മാലിന്യങ്ങൾ പ്ലാസ്റ്റിക്, ഇ-മാലിന്യം ഉൾപ്പെടെയുള്ളവ resource recovery centre-കൾ സ്ഥാപിച്ച് പുനഃചംക്രമണം നടത്തുന്നതിന് പ്രോത്സാഹിപ്പിച്ചു വരുന്നു. കൂടാതെ നിലവിലുള്ള പ്ലാന്റുകളിലെ കുറവുകൾ പരിഹരിച്ച് കുറ്റമറ്റതാക്കാനും നടപടി എടുത്തു വരുന്നു. പ്രതിദിനം ഉല്പാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവനുസരിച്ച് മാലിന്യം സംസ്കരിക്കാൻ ശേഷിയില്ലാത്ത പ്ലാന്റുകളുടെ വിസ്തൃതി കൂട്ടാനും നടപടി എടുത്തിട്ടുണ്ട്. ഇപ്പോൾ ഉറസ്സായ സ്ഥലങ്ങളിൽ അനുവദനീയമായ സാങ്കേതിക വിദ്യകൾക്ക് അനുയോജ്യമല്ലാത്തരീതിയിൽ നടത്തിവരുന്ന മാലിന്യ സംസ്കരണ രീതി പരിസ്ഥിതിക്ക് ദോഷം ഉണ്ടാക്കുന്നതായി കണക്കാക്കുന്നു.

(ബി) 2006-ൽ നടത്തിയ പഠനം വെളിപ്പെടുത്തുന്നത് കേരളത്തിൽ പ്രതിദിനം 6000 ടൺ ഖരമാലിന്യം ഉൽപാദിപ്പിക്കപ്പെടുന്നുണ്ടെന്നാണ്.

(സി) നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾ പ്രകാരം പഞ്ചായത്തുകളിൽ ഉറവിടങ്ങളിൽ ഖരമാലിന്യം തരംതിരിച്ച് സംഭരിക്കാനും ജൈവമാലിന്യം ഉറവിടത്തിൽ തന്നെ വിവിധ കമ്പോസ്റ്റ് സംവിധാനങ്ങൾവഴിയും ബയോഗ്യാസ് പ്ലാന്റുകൾവഴിയും സംസ്കരിക്കാനുള്ള പദ്ധതിക്കാണ് നടപടിയെടുത്തിട്ടുള്ളത്. അപ്രകാരം പദ്ധതികൾ തയ്യാറാക്കി ഗ്രാമ പഞ്ചായത്തുകൾ സമർപ്പിക്കുന്നത് പരിശോധിച്ച് അവയ്ക്ക് സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും ശുചിത്വ മിഷൻവഴി ലഭ്യമാക്കി വരുന്നു. എന്നാൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതിവഴി മാലിന്യ സംസ്കരണം നടത്തുന്നതിന് മുൻപ് മാലിന്യം തരംതിരിച്ച് വേർതിരിക്കേണ്ട ഉത്തരവാദിത്വം മാലിന്യം ഉണ്ടാകുന്ന ഉറവിടത്തിൽതന്നെ നടത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly